(ഇ) സ്വകാര്യ ഓഹരിപങ്കാളിത്ത നിക്ഷേപത്തിനുള്ള സമയം 2011 മാർച്ച് 31-വരെ നീട്ടി കൊടുക്കാൻ നടപടി സ്വീകരിക്കുമോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള കമ്പനിയിൽ സ്വകാര്യ പങ്കാളിത്തത്തിനായി മാറ്റിവച്ചിട്ടുള്ള 49% ഓഹരി Qualified Institutional Investors, High Net Worth Individuals, കമ്പനികൾ എന്നിവർക്ക് നല്കുവാനായി അപേക്ഷകൾ സ്വീകരിക്കുവാൻ കമ്പനിയുടെ ഡയറക്ടർ ബോർഡ് തീരുമാനിച്ചിട്ടുണ്ട്.

(ബി) 2010 നവംബർ 10-നു ചേർന്ന ബോർഡ് മീറ്റിംഗിൽ മേനോൻ ഗ്രൂപ്പ്, ഐ.എൽ. ആന്റ് എഫ്.എസ്., ലീലാ ഗ്രൂപ്പ് എന്നിവർക്ക് 16% വീതം ഓഹരി ഓഫർ ചെയ്യുവാൻ തീരുമാനിച്ചെങ്കിലും, ടി കമ്പനികൾ മുന്നോട്ടുവച്ച നിബന്ധനകൾ കണക്കിലെടുത്ത് 2010 ഡിസംബർ 21-നു ചേർന്ന ബോർഡ് മീറ്റിംഗിൽ ടി ഓഫറുകൾ പിൻവലിക്കുവാൻ തീരുമാനിച്ചു.

(സി) അങ്ങനെ ഒരു തീരുമാനം എടുത്തിട്ടില്ല.

(ഡി) 31-3-2010-ലെ ജി.ഒ.(എംഎസ്.)നമ്പർ 38/2010/ട്രാൻസ് നമ്പർ ഉത്തരവ് പ്രകാരം കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള പദ്ധതി ഒരു പബ്ലിക് ലിമിറ്റഡ് കമ്പനി മുഖേനയാണ് നടപ്പിലാക്കാൻ നിശ്ചയിച്ചിരിക്കുന്നത്. ഈ കമ്പനിയിൽ ടി ഉത്തരവ് പ്രകാരം 26% ഓഹരി സർക്കാരിനും, 23% പൊതുമേഖലാ സ്ഥാപനങ്ങൾക്കും 2% 'ഇൻകൽ' പോലുള്ള സർക്കാർ പ്രമോട്ട് ചെയ്യുന്ന കമ്പനികൾക്കും 49% ക്വാളിഫൈഡ് ഇൻസ്റ്റിറ്റ്യൂഷണൽ ഇൻവെസ്റ്റേഴ്സിനും, ഹൈ നെറ്റ് വർത്ത് ഇൻഡിവിഡ്വൽസിനും കമ്പനികൾക്കുമായാണ് നിശ്ചയിച്ചിരിക്കുന്നത്. അങ്ങനെ കമ്പനിയുടെ 51% അതായത് ഭൂരിഭാഗം ഓഹരി സർക്കാരോ പൊതുമേഖലാ സ്ഥാപനങ്ങളോ കൈവശം വച്ചിരിക്കുന്നിടത്തോളംകാലം കമ്പനിയുടെ മൂന്നിലൊന്ന് ഡയറക്ടർമാരെ നിയമിക്കാനുള്ള അധികാരവും സർക്കാരിനായിരിക്കും. കൂടാതെ കമ്പനിയുടെ ചെയർമാൻ മുഖ്യമന്ത്രിയായിരിക്കും അക്കാരണത്താൽ വിമാനത്താവളത്തിന്റെ നിയന്ത്രണവും ഉടമസ്ഥതയും വ്യവസായികളുടെ കയ്യിൽ ഒതുങ്ങിപ്പോകുവാൻ സാധ്യതയില്ല.

(ഇ) തീയതി നീട്ടുന്ന കാര്യം പരിശോധിക്കുന്നതാണ്.

കണ്ണൂർ വിമാനത്താവള നിർമ്മാണത്തിനായി സ്വീകരിച്ച നടപടികൾ

94 (108) ശ്രീ. പി. ജയരാജൻ :
ശ്രീ. സി. കെ. പി. പത്മനാഭൻ :
ശ്രീ. എം. പ്രകാശൻ മാസ്റ്റർ :
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ വിമാനത്താവളത്തിന്റെ നിർമ്മാണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) വിമാനത്താവളത്തിന് ആവശ്യമായ ഭൂമി പൂർണ്ണമായും ഏറ്റെടുത്തിട്ടുണ്ടോ ;

(സി) പദ്ധതിക്കായി എത്ര കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത് ;

(ഡി) പദ്ധതിക്കായി സ്വകാര്യ ഓഹരികൾ സ്വീകരിച്ച് തുടങ്ങിയിട്ടുണ്ടോ ; സ്വകാര്യമേഖലയ്ക്ക് എത്ര ശതമാനം ഓഹരിയാണ് നൽകുന്നത് ;

(ഇ) ഒരാൾക്ക് അനുവദിക്കുന്ന കുറഞ്ഞ ഓഹരിയും കൂടിയ ഓഹരിയും എത്രയാണ് ;

(എഫ്) നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) പദ്ധതിക്കായി ആവശ്യമുള്ള 2200 ഏക്കർ ഭൂമിയിൽ 1278 ഏക്കർ ഭൂമി ഏറ്റെടുത്തുകഴിഞ്ഞു. ബാക്കി 783 ഏക്കറിനുള്ള അക്വിസിഷൻ നടപടികൾ പുരോഗമിക്കുന്നു. 2010 ഡിസംബർ 17-ന് പദ്ധതിയുടെ ശിലാസ്ഥാപനം നടന്നു. പദ്ധതിസ്ഥലത്തിന് ചുറ്റുമതിൽ കെട്ടുന്നതിന്റെ ആദ്യഘട്ടമായ 254.8 മീറ്ററിന്റെ വർക്ക് ഓർഡർ, ഉരാലുങ്കൽ ലേബർ കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് നല്കിയിട്ടുണ്ട്. ഇന്റഗ്രേറ്റഡ് പ്രോജക്ട് കൺസൾട്ടന്റിനെ നിയമിച്ചശേഷമേ മറ്റ് നിർമ്മാണ പ്രവർത്തനം തുടങ്ങുകയുള്ളൂ.

(ബി) ഇല്ല.

(സി) 2005-ലെ കണക്ക്പ്രകാരം 455 കോടി രൂപയായിരുന്നു പ്രതീക്ഷിച്ച ആദ്യ പദ്ധതി ചെലവ്. എന്നാൽ നിർമ്മാണം പൂർത്തിയാകുമ്പോൾ ഇത് 1130 കോടി രൂപയായിരിക്കുമെന്ന് ഇപ്പോൾ കണക്കാക്കുന്നു.

(ഡി) 31-3-2010-ലെ ജി.ഒ.(എം.എസ്.)38/2010 നമ്പർ ഉത്തരവ്പ്രകാരം കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള കമ്പനിയിൽ സ്വകാര്യ ഓഹരിയുടെ ശതമാനം 49 ആണ്. ഇതിനായുള്ള റിക്വസ്റ്റുകൾ ലഭിച്ചു തുടങ്ങിയിട്ടുണ്ട്.

(ഇ) ഒരാൾക്ക് കുറഞ്ഞത് 2001 എണ്ണം ഓഹരിയായി കമ്പനി തീരുമാനിച്ചിട്ടുണ്ട്. ഓഹരിയുടെ എണ്ണത്തിന്റെ കൂടിയ പരിധി നിശ്ചയിച്ചിട്ടില്ല. മൊത്തം 49% ഓഹരിയാണ് സ്വകാര്യ സംരംഭകർക്ക് നല്കുന്നത്.

(എഫ്) നിർമ്മാണം തുടങ്ങി മൂന്നു വർഷംകൊണ്ട് വിമാനത്താവള നിർമ്മാണം പൂർത്തിയാക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ചുറ്റുമതിൽ നിർമ്മാണം പൂർത്തിയാക്കുകയും Integrated Project Consultant-ന്റെ സഹായത്തോടെ മുൻപ് തയ്യാറാക്കിയിട്ടുള്ള സാദ്ധ്യതാ പഠന റിപ്പോർട്ടിനെ ആധാരമാക്കി ഇപ്പോഴത്തെ നിലയ്ക്ക് ആവശ്യമുള്ള പ്ലാൻ, ഡിസൈൻ മുതലായവ തീരുമാനിക്കുകയും നിയമപ്രകാരമുള്ള അംഗീകാരങ്ങൾ ലഭ്യമാക്കുകയുമാണ് ആവശ്യമായ അടുത്ത നടപടികൾ.

LIBRARY ARCHIVES Kerala Legislative Assembly